No. CEE/3321/2012/NEET (UG) 2013/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## MBBS/BDS പ്രവേശനം - പുതുക്കിയ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

29.08.2013 ലെ ബഹു: സുപ്രീം കോടതിയുടെ ഉത്തരവിന് വിധേയമായി മാറ്റിവച്ച കേരള എം.ബി.ബി.എസ്/ബി.ഡി.എസ് രണ്ടാം ഘട്ട അലോട്ട്മെന്റ്, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലനിന്നിരുന്ന സ്റ്റേ പിൻവലിച്ച സാഹചര്യത്തിൽ **2013 സെപ്റ്റംബർ 7 ാം** തീയതി പ്രസിദ്ധീകരിക്കുന്നതാണ്. ഇത് പ്രകാരം അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **09.09.2013** മുതൽ **11.09.2013** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ പ്രകാരം അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട്, ഡാറ്റാ ഷീറ്റ് എന്നിവയും, KEAM 2013 പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** ൽ പറയുന്ന രേഖകളുടെ അസ്സലും സഹിതം **09.09.2013** മുതൽ **11.09.2013** വരെയുള്ള തീയതികളിൽ അതത് കോളേജ് പ്രിൻസിപ്പലിനു മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. ഫീസിനത്തിൽ കോളേജിൽ അടയ്ക്കേണ്ട ബാക്കിതുക/പലിശ രഹിത ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി ഉണ്ടെങ്കിൽ അതും അഡ്മിഷൻ സമയത്ത് കോളേജിൽ നൽകേണ്ടതാണ്.

**11.09.2013 വൈകുന്നേരം 5.30 ന്** ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം അതിന്റെ പ്രിൻറൗട്ട് ഈ ഓഫീസിലേക്ക് ഫാക്സ് മുഖാന്തിരം അയച്ചു തരേണ്ടതാണ്.

പ്രസ്തുത അലോട്ട്മെന്റ് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന് കീഴിൽ വരുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്കും, കാരക്കോണം ഡോ.സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജിലേക്കുമുള്ള അവസാന അലോട്ട്മെന്റായിരിക്കും. ആയതിനാൽ ഈ കോളേജുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുന്നവർ നിർബന്ധമായും പ്രവേശനം നേടിയിരിക്കണം. അല്ലാത്ത പക്ഷം 18.06.2013 തീയതിയിലെ GO(Rt)No.2138/2013/H&FWD നമ്പർ സർക്കാർ ഉത്തരവും അനുബന്ധ സർക്കാർ ഉത്തരവുകളും പ്രകാരം പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.

### പുതുക്കിയ അലോട്ട്മെന്റ് ഷെഡ്യൂൾ

| | |
|---|---|
| 07.09.2013 | **രണ്ടാം ഘട്ട അലോട്ടുമെന്റ് (കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന് കീഴിൽ വരുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലേക്കും, കാരക്കോണം ഡോ.സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജിലേക്കുമുള്ള അവസാന അലോട്ട്മെന്റ് )** |
| 09.09.2013 മുതൽ 11.09.2013 വരെ | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി ഫീസ് ഒടുക്കിയ ശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജിലെ പ്രിൻസിപ്പലിനു മുമ്പാകെ ബന്ധപ്പെട്ട അസ്സൽ രേഖകൾ സഹിതം ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അതോടൊപ്പം ഫീസിനത്തിൽ/പലിശ രഹിത ഡെപ്പോസിറ്റിനത്തിൽ കോളേജിൽ ഒടുക്കേണ്ട ബാക്കി തുക/ബാങ്ക് ഗ്യാരണ്ടി ഉണ്ടെങ്കിൽ അതും കോളേജിൽ നൽകേണ്ടതാണ്. |
| 11.09.2013 (വൈകുന്നേരം 5.30) | കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷ കമ്മീഷണർക്കു ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് ഫാക്സ് മുഖാന്തിരവും നൽകണം. |

തിരുവനന്തപുരം
07.09.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**